# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/145/2017 | <u>പത്രക്കുറിപ്പ്</u> | 2017 ജൂലായ് 12

**എം. ജി ബിരുദ ഏകജാലകം : പട്ടിക ജാതി/പട്ടിക വർഗ്ഗ പ്രത്യേക അലോട്ട്മെന്റിൽ യോഗ്യത നേടിയവർ ഇന്ന് (ജൂലായ് 13) വൈകീട്ട് 4 മണിക്കു മുൻപായി പ്രവേശനം നേടണം.**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴി 2017ൽ ബിരുദ പ്രവേശനത്തിനുള്ള പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായുള്ള പ്രത്യേക അലോട്ട്മെന്റ് ലഭിച്ചവർ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് ഓൺലൈനായി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് ഇന്ന് (ജൂലായ് 13) വൈകുന്നേരം നാലു മണിക്കു മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശനം നേടേണ്ടതാണ്. ജൂലായ് 13 ന് വൈകുന്നേരം നാലു മണിക്കു മുൻപായി ഫീസ് അടക്കാത്തവരുടെയും ഫീസടച്ച ശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

**പരീക്ഷാതീയതി**

മൂന്നാം സെമസ്റ്റർ എം. എ. ചെണ്ട & മദ്ദളം ഡിഗ്രി പരീക്ഷകൾ ജൂലായ് 26 ന് നടത്തും.

**എം. കോം ഓഫ് ക്യാമ്പസ് വൈവാ വോസി പരീക്ഷ (ദയവായി എല്ലാ എഡിഷനുകളിലും)**

2017 ഏപ്രിൽ/മെയ് മാസങ്ങളിൽ നടത്തിയ എം. കോം ഓഫ് ക്യാമ്പസ് (സപ്ലിമെന്ററി/മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷകളുടെ പ്രോജക്ട് ഇവാല്യൂവേഷൻ/വൈവാ വോസി എന്നിവ എല്ലാ ജില്ലകളിലും രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്കായി ജൂലായ് 18, 19 തീയതികളിൽ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സിൽവർ ജൂബിലി പരീക്ഷാഭവനിലെ 201-ാം മുറിയിൽ വച്ച് നടത്തും. വിദ്യാർത്ഥികൾ ഹാൾടിക്കറ്റും തിരിച്ചറയിൽ രേഖകളും സഹിതം ഹാജരാകണം. വിശദമായ ഷെഡ്യൂൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രാക്ടിക്കൽ പരീക്ഷ**

എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽ 2017 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം. എസ്സി. അപ്ലൈഡ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ (സി. എസ്. എസ്) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ജൂലായ് 18 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

തൃപ്പൂണിത്തുറ ആർ. എൽ. വി കോളേജിൽ 2017 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ ബി. എ മ്യൂസിക് - വോക്കൽ (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ കോർ, കോംപ്ലിമെന്ററി പ്രാക്ടിക്കൽ ജൂലായ് 18 മുതൽ 21 വരെ ആർ. എൽ. വി കോളേജിൽ വച്ചും, എറണാകുളം മഹാരാജാസ് കോളേജിലെ രണ്ട്, മൂന്ന്, നാല് സെമസ്റ്റർ ബി. എ മ്യൂസിക് വോക്കൽ കോർ, സപ്ലിമെന്ററി പ്രാക്ടിക്കൽ ജൂലായ് 24 ന് മഹാരാജാസ് കോളേജിൽ വച്ചും നടത്തും. വിശദമായ ഷെഡ്യൂൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**സംവരണ സീറ്റൊഴിവ്**

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ ഏകവർഷ എൽ. എൽ. എം കോഴ്സിൽ എസ്. സി/എസ്. ടി വിഭാഗങ്ങളിൽ 2 സീറ്റ് വീതം ഒഴിവുണ്ട്. CAT MGU – 2017 Prospectus പ്രകാരം യോഗ്യതയുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ജൂലായ് 17 ന് രാവിലെ 10 മണിക്ക് സൂര്യകാലടി ഹിൽസിലുള്ള സ്കൂൾ ഓഫീസിൽ ഹാജരാകണം. ഫോൺ : 0481 2310165.

സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ എം. എസ്സി. കംപ്യൂട്ടർ സയൻസ് കോഴ്സിൽ എസ്. സി/എസ്. ടി വിഭാഗങ്ങളിൽ ഓരോ സീറ്റൊഴിവുണ്ട്. യോഗ്യതയുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ജൂലായ് 17 ന് രാവിലെ 10 മണിക്ക് ഓഫീസിൽ ഹാജരാകണം. ഫോൺ : 0481 2731037.

**എം. ജി. യിൽ പി. എച്ച്. ഡി ബിരുദധാരികൾക്ക് ആദരം**

2016 – 17 ൽ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും പി. എച്ച്. ഡി ബിരുദം കരസ്ഥമാക്കിയവരെ സർവ്വകലാശാല ആദരിക്കും. ആഗസ്റ്റ് 1 ന് 10 മണിക്ക് സർവ്വകലാശാലാ അസംബ്ലിഹാളിൽ വച്ച് നടക്കുന്ന ചടങ്ങിൽ പങ്കെടുക്കാൻ അർഹരായവർ തങ്ങളുടെ പേര്, വിഷയം, ഗൈഡിന്റെ പേര് എന്നിവ phdmgu17@gmail.com എന്ന ഇ-മെയിലിൽ രജിസ്റ്റർ ചെയ്യണം. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10.15 മുതൽ വൈകീട്ട് 4.45 വരെ 0481 – 2733698 എന്ന നമ്പരിലും വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. അവസാന തീയതി ജൂലായ് 24.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**